നം. D2/9371/STA/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 01.12.2010

**സർക്കുലർ നമ്പർ 13/2010**

ബഹുമാനപ്പെട്ട എസ്.ടി.എ.റ്റി., ഹൈക്കോടതി എന്നിവയുടെ താൽക്കാലിക വിധി പ്രകാരം ചില സ്റ്റേജ് കാര്യേജ് ബസ്സുകൾക്ക് " Till the disposal of the case" എന്ന നിലയിൽ തുടർന്നും പെർമിറ്റ് കൊടുക്കുന്നതിനായി നിർദ്ദേശങ്ങൾ ലഭിക്കാറുണ്ട്. ഇത്തരത്തിൽ 1998-ൽ ഉണ്ടായ ഒരു താത്ക്കാലിക ഉത്തരവ് പ്രകാരം ആ കേസിലെ അന്തിമവിധി വന്നതിന് ശേഷവും പെർമിറ്റ് തുടർന്ന് നൽകുന്നതിനിടയായി. പെർമിറ്റിൽ " Till the disposal of the case" എന്ന് endorse ചെയ്യുന്നതുമൂലം സമയാസമയങ്ങളിൽ അന്തിമവിധി വന്നതിനെപ്പറ്റി കൃത്യമായ വിവരം ശേഖരിക്കാതിരുന്നതാണ് ഇതിന് കാരണമായിരിക്കുന്നത്. ആയതിനാൽ ഇത്തരം താത്ക്കാലിക വിധിയുടെ അടിസ്ഥാനത്തിൽ നൽകപ്പെടുന്ന പെർമിറ്റുകൾ ഓരോ നാല് മാസവും നിശ്ചയമായും അന്തിമവിധി ഉണ്ടായോ എന്ന് പരിശോധിക്കപ്പെടേണ്ടതും അന്തിമവിധി ഉണ്ടായെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എടുത്ത് 6 മാസത്തിലോ 1 വർഷത്തിലോ കൂടുതൽ ഇത്തരം താത്ക്കാലിക വിധിയുടെ അടിസ്ഥാനത്തിൽ പെർമിറ്റുകൾ നൽകുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തി എസ്.റ്റി.എ.റ്റി, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ ലെയ്സൺ ഓഫീസർ, അഡ്വക്കറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിൽ രേഖാമൂലം ആരാഞ്ഞ് അന്തിമവിധി ആയോ എന്ന് കൃത്യമായും അറിഞ്ഞിരിക്കേണ്ടതാണ്. മാത്രമല്ല കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ പെർമിറ്റുകൾ പുതുക്കുന്ന സമയം (പരമാവധി നിശ്ചയമായി 4 മാസത്തിലൊരിക്കലെങ്കിലും) താത്ക്കാലിക വിധി ആണ് നിലനിൽക്കുന്നതെന്നും അന്തിമവിധി ആയിട്ടില്ല എന്നുമുള്ള സ്റ്റേറ്റ്മെന്റ് പെർമിറ്റ് ഹോൾഡറിൽ നിന്നും എഴുതി വാങ്ങേണ്ടതാണ്. അതിന് ശേഷമേ പെർമിറ്റ് നീട്ടി നൽകാവൂ.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ.

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

Copy to:- All DTCs, C.A.s to TC/SSTA/Sr. DTC (T), L.O/A.O/F.O.

അംഗീകാരത്തോടെ,
സീനിയർ സൂപ്രണ്ട്.